പ്രശ്നങ്ങളുമായിട്ടും മറ്റും ബന്ധമുണ്ട്. കുട്ടനാട്ട് ഒരു അഗ്രിക്കൾച്ചർ സോൺ ഉണ്ടാക്കുമ്പോൾ മുഖ്യമായി അവിടെത്തെ ജലം റഗുലേറ്റ് ചെയ്യുക, പാരിസ്ഥിതിക ഘടകങ്ങളെ സംരക്ഷിക്കുക, കർഷകന്റെ ജീവിതത്തെ സുരക്ഷിതമാക്കുക, കർഷകൻ ഈ പാരിസ്ഥിതിക ഘടകങ്ങളെ സംരക്ഷിക്കുന്നതിന് ആധാരമായി ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് കർഷകരുടെ സഹായം ലഭ്യമാക്കുക തുടങ്ങിയവയാണ്. ഇത് വളരെ പഠിച്ച് ചെയ്യേണ്ടുന്ന ഒരു കാര്യമാണെന്നാണ് ഡോ. എം. എസ്. സ്വാമിനാഥൻ പറയുന്നത്. അക്കാര്യത്തിൽ ഗവൺമെന്റ് ഒരു നക്കൽ തയ്യാറാക്കി ചർച്ചയ്ക്ക് മുന്നോട്ടുപോകുകയാണ്. അതുകൊണ്ട് ഈ ബില്ലിനെ നിരാകരിക്കുന്നു.

മി. സ്പീക്കർ : ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ : ഈ ബില്ലിന്റെ സ്പിരിറ്റ്, ഞാൻ പറഞ്ഞല്ലോ, അത് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം. കുട്ടനാട്ടിലെ കർഷകരുമായി ചർച്ച ചെയ്യണം. കർഷകരുടെ ഉത്തരവാദിത്വവും അതോടൊപ്പം അവരുടെ ബാദ്ധ്യതയും അവർക്ക് ബോദ്ധ്യമാകുക എന്നതാണ് ആദ്യത്തെ കാര്യം. അത് ഡോ. എം. എസ്. സ്വാമിനാഥനും പറഞ്ഞു. ഒരു വ്യവസായ സോൺ ഉണ്ടാക്കുമ്പോൾ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമില്ല. കാരണം അവിടെ വ്യവസായികൾ വന്ന് വ്യവസായം നടത്തുന്നുണ്ട്. കുട്ടനാട്ടിൽ മനുഷ്യൻ വന്ന് ജീവിക്കുകയാണ്. അവർക്കാണ് അതിന്റെ ഉത്തരവാദിത്വം. അവിടെ ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തെക്കാൾ അവിടെ ജീവിക്കുന്ന കർഷകർക്കാണ് ഉത്തരവാദിത്വം. ഈ സോൺ നിലനിറുത്താനുള്ള ബാദ്ധ്യതയുടെ മുഖ്യ പങ്ക് കർഷകർക്കാണ്. അതുകൊണ്ടു തന്നെ ലോകത്തെങ്ങുമില്ലാത്ത ഒരു പുതിയ അഗ്രിക്കൾച്ചർ സോൺ കുട്ടനാടിനു വേണ്ടി ഉണ്ടാക്കുവാനുള്ള അദ്ദേഹത്തിന്റെ നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. കാരണം, ആ ടോട്ടൽ പ്രോജക്ട് ഗവൺമെന്റ് അംഗീകരിച്ചതാണ്. അതുകൊണ്ട് ആ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ അതൊരു ചെറിയ വഴിയല്ല, ഒരുപാടുതരം അന്വേഷണങ്ങളിലും ആലോചനകളിലും കർഷകരെ ബോദ്ധ്യപ്പെടുത്തലിലും ആ നാടിന്റെ പ്രത്യേകതകൾ മനസ്സിലാക്കി നടപ്പാക്കേണ്ടതുണ്ട്. അതുകൊണ്ട് ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഇത് മുന്നോട്ട് പോകുന്നതിൽ തടസ്സമില്ല.

മി. സ്പീക്കർ : ശ്രീ. എം. മുരളി, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. മുരളി : പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(iv) 2010-ലെ കേരള മൃഗപരിപാലക ക്ഷേമനിധി ബിൽ
(ശ്രീ. വി. എസ്. സുനിൽ കുമാർ നോട്ടീസ് നൽകിയത്)

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, 2010-ലെ കേരള മൃഗപരിപാലക ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ചന്ദ്രൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, മൃഗപരിപാലന മേഖലയിൽ

12.00 NOON] കേരള ഗവൺമെന്റ് ബഡ്ജറ്റ് ഹെഡ്ഡോടുകൂടിതന്നെ ധാരാളം പരിപാടികൾ ആവിഷ്കരിക്കുകയും ആവശ്യമായ സഹായങ്ങൾ നിരന്തരമായി നൽകുകയും ഉല്പാദന മേഖലയിലും വളർത്തുമേഖലകളിലും സജീവമായ ശ്രദ്ധ പതിപ്പിക്കുകയും അതിന്റെ വളർച്ചയുടെ ഗ്രാഫ് മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ട് ഇത്തരത്തിലൊരു ബിൽ അംഗീകരിക്കേണ്ടതില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സമയമില്ലാത്തതുകൊണ്ട് കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. എങ്കിലും അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് ബിൽ പരിഗണിക്കുന്നില്ലെങ്കിൽക്കൂടി ഈ ഗവൺമെന്റ് ഒരുപാട് സ്കീമുകൾ ഇപ്പോൾ കൊണ്ടുവരാൻ പോകുകയാണ്. മൃഗപരിപാലന രംഗത്ത് വളരെ പ്രൊഫഷണലായ രീതിയിൽ പാലിന്റെയും മുട്ടയുടെയും ഇറച്ചിയുടെയുമൊക്കെ ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടിയുള്ള എഫർട്ടിലേക്ക് ഗവൺമെന്റ് വരികയാണ്. പരമ്പരാഗതമായി മൃഗങ്ങളെ പരിപാലിക്കുന്ന ആളുകൾ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് ഈ മേഖലയിൽ ജോലി ചെയ്യുന്നതിനുള്ള ആളുകളുടെ എണ്ണം പരിമിതപ്പെട്ടുകൊണ്ടിരിക്കുകയാണ്. പലപ്പോഴും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെ കൊണ്ടുവന്ന് ജോലി ചെയ്യിപ്പിക്കുന്ന സ്ഥിതിവിശേഷം ഇന്ന് നമ്മുടെ നാട്ടിലുണ്ട്. ഈ മേഖലയിൽ ആകർഷകമായ സേവന-വേതന വ്യവസ്ഥകളോ ക്ഷേമനിധികളോ ഇല്ലാത്തതാണ് പ്രധാനപ്പെട്ട കാരണം. വീട്ടുമുറ്റത്ത് ഒരു പശുവിനെ അല്ലെങ്കിൽ രണ്ടാടുകളെ വളർത്തുന്ന രീതിയേക്കാളെല്ലാം ഉപരിയായി വ്യാവസായികാടിസ്ഥാനത്തിൽതന്നെ പത്തു പശുക്കളെ മുതൽ ആയിരക്കണക്കിന് പശുക്കളെയും മൃഗങ്ങളെയുമൊക്കെ പരിപാലിക്കുന്ന ഫാമുകൾ കേരളത്തിൽ ഇനി രൂപപ്പെട്ടുവരാൻ പോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞതനുസരിച്ച് ഗവൺമെന്റ് തന്നെ മുന്നോട്ടുവച്ച, സ്കീമുകൾ നടപ്പാക്കുകയാണെങ്കിൽ ഇതെല്ലാം ആവശ്യമായിട്ടുവരുന്നതാണ്. അങ്ങനെ വരുമ്പോൾ അവിടെയെല്ലാം ഇത്തരത്തിൽ വളരെ സ്കിൽഡായിട്ടുള്ള, ആധുനികമായി പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ ആവശ്യകത ഇന്ന് ഏറിവരികയാണ്. നമ്മുടെ രാജ്യത്തിന്റെ മൃഗസമ്പത്ത് എന്നു പറയുന്നത് മറ്റെന്തിനെക്കാളും വളരെ പ്രധാനപ്പെട്ടതാണ്. ലോകത്തിൽതന്നെ ഏറ്റവുമധികം മൃഗങ്ങളും അതുപോലെ പശുക്കളുമൊക്കെയുള്ള ഒരു രാജ്യം ഇൻഡ്യയാണ്. നമ്മുടെ നാടിന്റെ സമ്പദ്ഘടനയെ തന്നെ സ്വാധീനിക്കുന്ന മൃഗസമ്പത്ത്, പരിപാലിക്കുന്ന മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും, വേതനവും ഉറപ്പുവരുത്തുകയും ഈ രംഗത്തേക്ക് പുതിയ തലമുറയെ ആകർഷിക്കുന്ന വിധത്തിൽ ആധുനികവൽക്കരിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള പരിശീലനം കൊടുത്തുകൊണ്ട് വെറ്ററിനറി ഡിപ്പാർട്ട്മെന്റും ഇപ്പോൾ പുതുതായി രൂപീകരിക്കപ്പെട്ട വെറ്ററിനറി സർവ്വകലാശാലയും ചേർന്നുകൊണ്ട് കൃഷിക്കാർക്കൊപ്പംതന്നെ മൃഗസമ്പത്ത് പരിപാലിക്കുവാൻ കഴിയുന്ന തൊഴിലാളികളുടെ ക്ഷേമവും പരിശീലനവും ഉറപ്പുവരുത്തുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. ഞാൻ കൂടുതൽ വിശദമായി പറയുന്നില്ല. പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിലുള്ള ഒരു സ്വകാര്യ ബില്ലെന്നുള്ള നിലയിൽ ഒരുപക്ഷെ ഒരു രീതിയിലും ഇത് ജീവൻ വയ്ക്കാൻ സാധ്യതയില്ലെങ്കിൽപോലും വളരെ ഗൗരവമായിതന്നെ ഗവൺമെന്റ് ഇതിനെ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം, ആടിനെയും പശുക്കളെയും മറ്റ് നാൽക്കാലിമൃഗങ്ങളെയുമൊക്കെ പരിപാലിക്കുന്ന ആളുകളെന്നു പറയുന്നത് നമ്മുടെ നാടിന്റെ സമ്പദ്ഘടനയിൽ അധ്വാനം കൊണ്ട് ഏറ്റവും അധികം സംഭാവനകൾ നൽകുന്ന ആളുകളാണ്. പക്ഷെ നമ്മുടെ സമൂഹം അവർക്ക് കൊടുക്കുന്നത് അവഗണനയും വളരെ മോശപ്പെട്ട സമീപനവുമാണെന്നുള്ളത് സത്യമാണ്. അതുകൊണ്ട് ഈ മേഖലയിലെ പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗത്തിനുവേണ്ടി ഗവൺമെന്റിൽ നിന്നും സത്വരമായിട്ടുള്ള നടപടികളും വളരെ ശാസ്ത്രീയമായ നിലയിലുള്ള സമീപനങ്ങളുമുണ്ട് എന്നൊരു തോന്നലുണ്ടായി കഴിഞ്ഞാൽ ഈ മേഖലയിലേക്ക് പുതിയ തലമുറ കടന്നുവരാനുള്ള സാധ്യതയുണ്ട്. മാത്രമല്ല, കാർഷിക സർവ്വകലാശാലയുടേയും ഇപ്പോൾ രൂപീകരിച്ച വെറ്ററിനറി സർവ്വകലാശാലയും ചേർന്നുകൊണ്ട് അവർക്ക് ആധുനിക രീതിയിലുള്ള പരിശീലനം കൊടുക്കണം. മറ്റ് വിദേശരാജ്യങ്ങളിലെല്ലാംതന്നെ മൃഗപരിപാലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര-സാങ്കേതിക പരിജ്ഞാനവും അതുപോലെയുള്ള എക്യുപ്മെന്റ്സും ഇവരെ പരിശീലിപ്പിക്കുന്നതിന് കഴിഞ്ഞാൽ ഈ മേഖലയ്ക്ക് വലിയ ഒരു മുന്നേറ്റമുണ്ടാക്കാൻ കഴിയും. അങ്ങനെ കഴിയുകയാണെങ്കിൽ ഒരു സ്കീമിലൂടെ പത്തോ ഇരുപത്തിയഞ്ചോ അമ്പതോ പശുക്കളെ ആളുകൾക്ക് കൊടുക്കുമ്പോൾ ഈ സ്കീമുകൾക്ക് അനുരോധമായ നിലയിൽ അതിനെ പരിപാലിക്കുന്ന തൊഴിലാളികളുടെ കാര്യത്തിൽകൂടി ഗവൺമെന്റ് ശക്തമായ നിലയിൽ ഇടപെടൽ നടത്തിയാൽ അതിനെ പരിപാലിക്കാൻ വേണ്ട ആളുകളില്ലെങ്കിൽ അവ നഷ്ടപ്പെട്ടു പോകാൻ സാധ്യതയില്ല.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, മൃഗപരിപാലകരുടെ ഏറ്റവും മുഖ്യമായ പ്രശ്നമെന്നു പറയുന്നത്, അവർക്ക് ആ മൃഗത്തെ കൈയൊഴിഞ്ഞുകൊണ്ട് എങ്ങോട്ടും പോകാൻ പറ്റാത്ത അവസ്ഥയാണ്. ചുരുക്കിപ്പറഞ്ഞാൽ ഇരുപത്തിനാലു മണിക്കൂറും ഡ്യൂട്ടിയാണ്. ഇരുപത്തിനാലു മണിക്കൂർ ഡ്യൂട്ടിയെന്നു പറഞ്ഞാൽ വെറുതെയല്ല, അവയുമായി ഇഴുകിച്ചേർന്ന് ശരീരത്തോട് ശരീരം ചേരുന്നതുപോലെ ഇഴുകിയിഴുകി നോക്കി മനസ്സിലാക്കി പഠിച്ച് മൃഗഭാഷ പോലെ അവർ മൃഗമായി മാറുന്ന ഒരവസ്ഥയുണ്ട്. അവർക്ക് യാതൊരു വിരോധ പ്രവർത്തികളുമില്ലാത്ത അവസ്ഥയുണ്ട്. അവർക്ക് രോഗം വന്നാൽപ്പോലും ജോലി ചെയ്യാതിരിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. ഈ അവസ്ഥയിൽ പുതിയ തലമുറ ഇതിലേക്ക് ഒട്ടും വരുന്നില്ല എന്നുള്ളത് പരിഗണിച്ച് ഇതിനെ മോഡേണൈസ് ചെയ്യുന്നതിന് കുറച്ചുകൂടി നിർദ്ദേശങ്ങൾ അങ്ങേക്ക് വച്ചുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അങ്ങു പറഞ്ഞത് വളരെ ശരിയാണ്. മൃഗപരിപാലന രംഗത്ത് ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾ 24 മണിക്കൂറും ജോലിയിലാണ്. വ്യക്തിപരമായ ആവശ്യങ്ങൾക്കുപോലും പോകാൻ കഴിയില്ല. കറവക്കാരായിട്ടുള്ള ആളുകൾക്ക് കുടുംബത്തിലെ ഒരു കല്യാണത്തിനോ മറ്റ് ആവശ്യങ്ങൾക്കോപോലും പോകാൻ കഴിയില്ല. രാവിലെ പശുവിനെ കറന്നു കഴിഞ്ഞാൽ ഉച്ചയ്ക്കും പശുവിനെ കറക്കേണ്ടതുണ്ട്. അതുപോലെയുള്ള കാര്യങ്ങൾ ചെയ്യുന്ന ആളുകളാണിവർ. പലപ്പോഴും പശുവിന്റെ പാലു കുടിക്കുന്ന ആളുകൾക്ക് അവരുടെ ജോലിയെക്കുറിച്ചോ ജോലി ഭാരത്തെക്കുറിച്ചോ അറിയുകയില്ല. പശുവിന്റെ പാലു കുടിക്കുന്നവരുടെ മുമ്പിൽ വരുന്ന വെളുത്ത നിറത്തിലുള്ള പാൽ ഉല്പാദിപ്പിക്കുന്നതിന്റെ പിന്നിൽ ജോലി ചെയ്യുന്ന വളരെ പാവപ്പെട്ടവന്റെ അധ്വാനത്തെക്കുറിച്ച് പലപ്പോഴും നമ്മളാരും അറിയാറില്ല. അതൊരു സത്യമാണ്. നമ്മുടെ സമൂഹം അത് വളരെ ഗൗരവമായിട്ടെടുക്കേണ്ട ഒരു സംഗതിയാണ്. പണ്ടുകാലത്ത് സാധാരണ ഒരു കർഷകന്റെ വീടിന്റെ മുമ്പിൽ ഒരു തൊഴുത്തുണ്ടായിരിക്കും. ആ തൊഴുത്തിലാണ് പശുക്കളെ അല്ലെങ്കിൽ ആടിനെ പരിപാലിച്ചുകൊണ്ടിരിക്കുന്നത്. ഇന്നു നമ്മുടെ വീടുകളിലൊന്നും തൊഴുത്ത് കാണാനില്ല. പകരം അവിടെ നമ്മൾ കാണുന്നത് പട്ടിക്കൂടുകളാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനു ശേഷം ഗവൺമെന്റിന്റെ തന്നെ കണക്കനുസരിച്ച് നമ്മുടെ നാട്ടിൽ ആട്, പശു, എരുമ എന്നിവയുടെയൊക്കെ എണ്ണം വർദ്ധിക്കുകയുണ്ടായി. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് നമ്മുടെ സമൂഹത്തിലെ മൃഗസമ്പത്തിന്റെ വർദ്ധനവിന്റെ അനുപാതമെടുത്തു പരിശോധിച്ചാൽ പട്ടികളുടെ എണ്ണം എട്ട് ഇരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. നമ്മുടെ വീടുകളിൽ ഇപ്പോൾ പശുക്കളെ വളർത്തുന്നതിനു പകരം പട്ടികളെ വളർത്തുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ വരികയാണ്. ഒരു പട്ടിക്ക് 200-250 രൂപ ചെലവഴിക്കുന്ന കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പട്ടികളെയും ഓമന മൃഗങ്ങളെയും വീട്ടിലെ കിടക്കയിൽ കിടത്തി ഓമനിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നത് നല്ല കാര്യമാണ്. മൃഗങ്ങളോട് സ്നേഹമുള്ളത് നല്ലതാണ്. പക്ഷേ പുതിയ തലമുറയിൽപ്പെട്ട ആളുകൾക്ക് വീട്ടിൽ ഒരു പശുവിനെ വളർത്തുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പറ്റുന്നില്ല. ചാണകത്തിന്റെ മണം ഇഷ്ടമില്ല, അല്ലെങ്കിൽ തൊട്ടടുത്ത വീട്ടിൽ ഒരു പശുത്തൊഴുത്ത് ആരെങ്കിലും വച്ച് പത്തു പശുക്കളെ വളർത്തുന്നെങ്കിൽ ഉടനെ പരാതിയുമായി വരുന്ന സ്ഥിതിയാണുള്ളത്. നാട്ടിലെമ്പാടും പശുവിന്റെ ചാണകത്തിന്റെ മണം പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്നുവെന്നുള്ള തരത്തിൽ ആളുകൾ അവരുടെ ഉപജീവനത്തെ പോലും എതിർക്കുന്ന തരത്തിലേക്ക് എത്തിയിട്ടുണ്ട്, അത്തരത്തിലുള്ള പരാതിയുമായി എന്റെയടുത്ത് പല ആളുകളും വരാറുണ്ട്. നമ്മുടെ നാട്ടിൽ സ്വയംപര്യാപ്തമായി പാൽ, ഇറച്ചി, മുട്ട എന്നിവ ഉല്പാദിപ്പിക്കണമെന്നൊക്കെ മുറവിളി കൂട്ടുന്ന ആളുകൾതന്നെ, ആവശ്യത്തിന് മുട്ട, പാൽ, ഇറച്ചി എന്നിവ ഉല്പാദിപ്പിക്കുന്നില്ല. ഇപ്പോൾ ആരും ഒരു വീട്ടിലും ഒരു പശുവിനെപ്പോലും വളർത്താൻ തയ്യാറാകുന്നില്ല.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ നാലുവർഷക്കാലം കൊണ്ട് മുട്ടയുടെയും പാലിന്റെയും ഉല്പാദനത്തിൽ വലിയ മാറ്റമുണ്ടാക്കാൻ നമുക്ക്

സാധിച്ചിട്ടുണ്ട്. ഏതാണ്ട് 10 ശതമാനം നെഗറ്റീവായിരുന്ന മുട്ട ഉല്പാദനം ഇപ്പോൾ 10.78 ശതമാനം പോസിറ്റീവ് വളർച്ചയിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ പാലുല്പാദനത്തിലും ഏതാണ്ട് 4.78 ശതമാനം പിന്നിലായിരുന്നത് ഇപ്പോൾ 6.48 ശതമാനം മുമ്പിലേക്ക് എത്തിയത് വലിയ മാറ്റമാണ്, കൂടാതെ ഈ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കുന്നതിനുള്ള സാധ്യതകളുണ്ട്. ഇതൊരു ആദായകരമായ ഒരു കൃഷിയാക്കി, അല്ലെങ്കിൽ വ്യവസായവൽക്കൃതമായ കൃഷിയാക്കി മാറ്റിയൊടുക്കുക എന്നുള്ളതാണ് അങ്ങ് സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങളിൽ ഏറ്റവും പ്രധാനമായി വരുന്നത്. അങ്ങനെ വ്യവസായവൽക്കൃത കൃഷിയാക്കി മാറ്റിയെടുക്കുക എന്നുള്ളതാണ് അങ്ങ് സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങളിൽ ഏറ്റവും പ്രധാനമായി വരുന്നത്. അങ്ങനെ വ്യവസായവൽക്കൃത കൃഷിയാക്കി മാറ്റുന്നതിന് നമ്മുക്ക് ആധുനികമായ ഫാമുകൾ വീടുകളിൽ സെറ്റപ്പ് ചെയ്തു കൊടുക്കാൻ സാധിച്ചാൽ അതിലൂടെ അവർക്കേറ്റവും മികച്ച വരുമാനത്തോടുകൂടി ഉല്പാദനം നടത്താൻ കഴിയുന്ന വിധത്തിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മോഡ്യൂളുകളുമെല്ലാം ഇപ്പോൾ തയ്യാറാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതായത് രണ്ട് ഏക്കർ ഭൂമിയിൽ മുയൽ കൃഷി ചെയ്താൽമാത്രം പ്രതിമാസം 1,12,000 രൂപ വരുമാനമുണ്ടാക്കാൻ സാധിക്കുമെന്നാണ് പറയുന്നത്. പൂക്കോട്ട് വെറ്ററിനറി കോളേജിലെ അധ്യാപകരും അതുമായി ബന്ധപ്പെട്ട കർഷകരും കൂടിയാലോചിച്ചുകൊണ്ട് ബ്രഹ്മഗിരിയിൽ നേതൃത്വത്തിൽ സ്ഥാപിക്കുന്ന മീറ്റ് പ്രോസസിംഗ് പ്ലാന്റിനുവേണ്ടി മോഡ്യൂൾ തയ്യാറാക്കിയപ്പോഴാണ് ഇതിന്റെ സാദ്ധ്യതകളെക്കുറിച്ച് അറിയാൻ കഴിഞ്ഞത്. നമ്മുടെ നാട്ടിൽ ഇന്നൊരു ഡോക്ടർക്കോ എഞ്ചിനീയർക്കോ ഒരു ലക്ഷം രൂപ ശമ്പളമില്ല. ആ രൂപത്തിൽ ചിന്തിക്കുമ്പോൾ മൃഗപരിപാലനമേഖലയിൽ വലിയ സാധ്യതകളുണ്ട്. പക്ഷേ ഈ സാധ്യതയില്ലാതിരിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണമെന്നുപറയുന്നത്, ഈ മേഖലയിൽ ഒരു മാർക്കറ്റിംഗ് ഫെസിലിറ്റി ഉറപ്പുവരുത്താൻ സാധിക്കുന്നില്ലെന്നുള്ളതാണ്. ആ മാർക്കറ്റ് ഉറപ്പു വരുത്താൻ കഴിയുന്ന വിധത്തിലുള്ള ഒരു സംവിധാനമുണ്ടാക്കി മോഡേണായിട്ടുള്ള ഫാം ഹൗസുകൾ സെറ്റപ്പ് ചെയ്തുകൊടുത്താൽ കേരളത്തിൽ മൃഗപരിപാലനമേഖല ഏറ്റവും വലിയ വരുമാനമുള്ള ഒരു മേഖലയാക്കി വളർത്തിയെടുക്കാൻ കഴിയുന്നതാണ്. ഗവൺമെന്റ് വളരെയേറെ പ്രാധാന്യം ഇതിനു കൊടുക്കുന്നുണ്ട്. അതുപോലെതന്നെ നിരവധി മീറ്റ് പ്രോഡക്ട്സ് ഉൾപ്പെടെയുള്ള മേഖലകൾക്കും വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട്. പ്രത്യേകിച്ചും മൃഗപരിപാലന മേഖലയിൽ, ഒരു ഇൻഡസ്ട്രിയലൈസേഷൻ ഓഫ് അഗ്രികൾച്ചർ-ന്റെ പ്രാധാന്യത്തെക്കുറിച്ച് അങ്ങ് എത്രത്തോളം ബോധവാനാണ് ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ ഈ ബില്ലിനകത്ത് വളരെ പ്രധാനമായി പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് അങ്ങ് പറഞ്ഞത്. മൃഗപരിപാലന രംഗത്തുള്ള തൊഴിലാളികളുടെ വിഷയം എന്ന നിലയിൽ മാത്രമല്ല ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, നമ്മുടെ ഗവൺമെന്റ് ഉല്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ടിയുള്ള സ്കീമുകൾ ധാരാളം ആവിഷ്കരിക്കുന്നുണ്ട്. പക്ഷേ, ഈ സ്കീമുകൾ ആവിഷ്കരിച്ചതുകൊണ്ടുമാത്രം കാര്യമില്ല. നമ്മുടെ സമൂഹത്തിന്റെ സമീപനത്തിൽ ഒരു മാറ്റം വരേണ്ടതുണ്ട്. കാരണം മൃഗപരിപാലന രംഗത്ത് ജോലി ചെയ്തുകൊണ്ടിരിക്കുന്ന കർഷകത്തൊഴിലാളികളോട് നമ്മുടെ സമൂഹത്തിന്റെ സമീപനം

LIBRARY ARCHIVES Kerala Legislative Assembly

വളരെ മോശപ്പെട്ടതാണ്. ഐ.ടി. മേഖലയിൽ ജോലിയെടുക്കുന്ന ആളുകൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നതിനേക്കാൾ കൂടുതൽ ശമ്പള സാധ്യതകൾ ഇന്ന് ഈ മേഖലയിൽ ജോലിയെടുത്താൽ ലഭിക്കുന്നതാണ്. പ്രതിമാസം 10,000 രൂപ മാത്രം ശമ്പളം വാങ്ങി നാല്പത്തിയഞ്ചു ഡിഗ്രി ചൂടിൽ ജോലിയെടുക്കുന്ന ചെറുപ്പക്കാരെ നമുക്ക് ഗൾഫ് മേഖലയിലെ ലേബർ ക്യാമ്പുകൾ സന്ദർശിച്ചാൽ കാണാൻ കഴിയും. അത്രപോലും അധ്വാനമില്ലാതെ നമ്മുടെ നാട്ടിൽ ജോലി ചെയ്തു കഴിഞ്ഞാൽ ഇതിനേക്കാളും കൂടുതൽ ശമ്പളം ലഭിക്കുന്നതാണ്. വരുമാന സാധ്യതയുണ്ടെങ്കിലും ഒരു ചെറുപ്പക്കാരനും ഇവിടെനിന്ന് ജോലി ചെയ്യാൻ തയ്യാറാകാത്തതിനു കാരണം സ്റ്റാറ്റസിന്റെ പ്രശ്നമാണ്. അവർക്കാവശ്യമായ സംരക്ഷണമില്ല, സ്റ്റാറ്റസ് കിട്ടുന്നില്ല. പണി കഴിഞ്ഞുവരുന്ന ഒരു കർഷക തൊഴിലാളി ഒരു ബസ്സിൽ കയറിക്കഴിഞ്ഞാൽ, പണി കഴിഞ്ഞുവരുന്ന ഒരു കർഷകത്തൊഴിലാളിയോ അഥവാ കറവക്കാരനായ ഒരാളോ പാലുപാത്രവുമായി ഒരു ബസ്സിൽ കയറിക്കഴിഞ്ഞാൽ ബസ്സ് കണ്ടക്ടറുടെ സമീപനമെന്താണെന്ന് നമ്മൾ പലപ്പോഴും നേരിൽ കാണുന്ന കാര്യമാണ്. അവരെ വളരെ അവജ്ഞയോടുകൂടിയാണ് കാണുന്നത്. എന്നാൽ അതേ സമയം ഒരു ടീച്ചറോ, അല്ലെങ്കിൽ ഒരു സർക്കാരുദ്യോഗസ്ഥനോ നല്ല ഡ്രസ്സുമിട്ട് അതിനകത്ത് കയറിക്കഴിഞ്ഞാൽ അവരെ വളരെ ആദരവോടുകൂടി കയറ്റുന്ന ഒരു സമീപനം നമ്മുടെ സമൂഹത്തിലുണ്ട്. പലപ്പോഴും നമ്മുടെ അദ്ധ്വാനം വിദേശരാജ്യങ്ങളിലേക്ക് വളരെ ചീപ്പായി വിനിമയം ചെയ്തുകൊണ്ട് നമ്മുടെ സമ്പദ്ഘടനയെ ദുർബലപ്പെടുത്തുന്നതുകൊണ്ടാണ് പ്രൊഡക്ഷൻ വർദ്ധിക്കാതിരിക്കുന്നതെന്നാണ് എന്റെ അഭിപ്രായം. ഗൾഫ് മേഖലയിൽ ജോലിയെടുക്കുന്ന ചെറുപ്പക്കാർ സ്വന്തം നാട്ടിൽ വന്ന് ജോലി ചെയ്യുമ്പോൾ അതനുസരിച്ച് സ്റ്റാറ്റസ് ലഭിക്കാത്തതുകൊണ്ടാണ് പലപ്പോഴും അവർ ഇവിടേക്ക് തിരിച്ചുവരാത്തത്. നമ്മുടെ സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട വരുമാനദായകമായിട്ടുള്ള മേഖലയിൽ പുതിയ തലമുറയെ ആകർഷിക്കുന്ന വിധത്തിൽ നിയമനിർമ്മാണങ്ങൾ കൊണ്ടുവരേണ്ടതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പുതിയ തലമുറയെ ഇതിലേക്ക് ആകർഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകുമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ഈ അടുത്ത കാലത്ത് കോഴിക്കോട് നാദാപുരത്തെ ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥി ആധുനിക രീതിയിൽ കന്നുകാലികളെ വളർത്തുന്ന രീതി പത്രങ്ങളിലൊക്കെ വന്നിരുന്നു. എന്നു മാത്രമല്ല, വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത നല്ലയിനം പശുക്കൾക്ക് മഞ്ഞിന്റെ കാലാവസ്ഥ ഉണ്ടാകണമെന്നുള്ളതുകൊണ്ട് ഫോഗ് കൊടുത്ത് ശീതീകരിച്ച മുറിയിൽ നിർത്തി കുടുംബം ഒന്നിച്ച് ജോലി ചെയ്ത് ഉൽപ്പാദനം ഉണ്ടാക്കി അതിൽനിന്നും ഒരുമാസം ഇരുപതിനായിരത്തോളം രൂപയുടെ ലാഭം ഉണ്ടാക്കുന്നുണ്ടെന്നാണ് ആ വിദ്യാർത്ഥി പത്രക്കാരോട് പറഞ്ഞത്. ഇത്തരം വിദ്യാർത്ഥികളെ മാതൃകയാക്കുന്ന രീതിയിലേക്ക് മുന്നോട്ടു കൊണ്ടുപോകുന്ന ഒരവസ്ഥ കേരളത്തിൽ സൃഷ്ടിക്കുന്നതിന് സർക്കാർ കൂടുതൽ തുക ചെലവഴിക്കേണ്ടതല്ലേ ?

ശ്രി. സി. കെ. പി പത്മനാഭൻ : സ്റ്റാറ്റസ് ഇല്ലാത്തുകൊണ്ടാണ് ഈ മേഖലയിലേക്ക് ആളുകൾ വരാത്തതെന്ന് അങ്ങ് ഒരു പരമാർശം നടത്തുകയുണ്ടായി. ഞാൻ കാർഷിക സർവ്വകലാശാലയിലെ ജനറൽ കൗൺസിലിലെ അംഗമാണ്. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിലെ പന്നിയോട് കുരുമുളക് ഗവേഷണ കേന്ദ്രത്തിൽ തൊഴിലാളികളെ ആവശ്യമുള്ളതിനാൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. ആയിരക്കണക്കിന് ആളുകളാണ് അതിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കാരണം അവിടെ പണിക്ക് പോയാൽ വർഷത്തിൽ ഇരുനൂറിലേറെ ദിവസം പണി കിട്ടുകയും അതുപോലെ കൃത്യമായി വേതനം ലഭിക്കുകയും ചെയ്താൽ കാർഷിക രംഗത്തേക്ക് ആളുകൾ വരുമെന്ന് കാര്യത്തിൽ യാതൊരു സംശയവുമില്ല. നീലേശ്വരത്ത് തെങ്ങ് കയറ്റത്തിനുവേണ്ടി ആളുകളെയെടുക്കാൻ തീരുമാനിച്ചു. ഒരു പശു പ്രസവിച്ചാൽ ആറു മാസമാണ് പാൽ ലഭിക്കുന്നത്. ബാക്കിയുള്ള മാസങ്ങൾ കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. ഇതിന് പരിഹാരം കണ്ടെത്താതെ സ്റ്റാറ്റസ്സിന്റെ കാര്യം പറഞ്ഞ് കുറ്റപ്പെടുത്തുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അത് തിരുത്താൻ അങ്ങ് തയ്യാറാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എം. ചന്ദ്രൻ:</u> അങ്ങിവിടെ മൃഗപരിപാലനത്തിന്റേയും അതുകൊണ്ടുള്ള ജീവിതമാർഗ്ഗത്തിന്റേയും കാര്യങ്ങളാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. നമ്മുടെ പരമ്പരാഗതമായ കർഷക ഭവനങ്ങൾ കൃഷിയും മൃഗസംരക്ഷണവും ഒന്നിച്ച് അന്ന് അതിന് പശ്ചാത്തല സൗകര്യങ്ങളുണ്ടായിരുന്നു. നെൽകൃഷിക്ക് വളമായി കാലിവളം ഉപയോഗിക്കാം. പശുക്കൾക്ക് തീറ്റ കൊടുക്കാനുള്ള വയ്ക്കോലുണ്ടാകും. അങ്ങനെ പരസ്പരം ബന്ധപ്പെട്ടുകൊണ്ടാണ് കൃഷിയും മൃഗസംരക്ഷണവും നടന്നുവന്നിരുന്നത്. അതൊരു ജീവിതമാർഗ്ഗമായി കണക്കാക്കിയിരുന്നു. അതിൽനിന്നും വേർതിരിച്ച് ഏതെങ്കിലും ഒന്നിനെ മാത്രം സംരക്ഷിച്ച് നിർത്തുമ്പോൾ അതൊരു കച്ചവട ലോകത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികളെ കിട്ടുന്നില്ല എന്നുള്ള പരാതിയാണുള്ളത്. സ്വയം ജോലി ചെയ്തുകൊണ്ട് ജീവതമാർഗ്ഗം നേടുന്നവരുടെ സംഖ്യ കുറയുന്നുവെന്നുമാത്രമല്ല അതുകൊണ്ട് സ്ഥിരമായി ജീവിക്കാൻ കഴിയുമെന്നുള്ള വ്യാമോഹവും സമൂഹത്തിന് ഇല്ലാതായതിന്റെ ഭാഗമായിട്ടാണ് മൃഗസംരക്ഷണം കുറഞ്ഞു വരുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീമതി കെ. കെ. ലതിക :</u> ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ ആ മാതൃക എന്തായാലും പിൻതുടരരുത്. പ്ലസ് ടു വിദ്യാർത്ഥി കിട്ടാവുന്ന എല്ലാ ലോണും സബ്സിഡിയും വാങ്ങിയെടുത്തതിനുശേഷം ഒരു പ്രവർത്തനവും അവിടെ നടത്തിയിട്ടില്ല. നാട്ടുകാർ തടസ്സം ചെയ്യുന്നുവെന്നാണ് പറയുന്നത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി അവിടെ സന്ദർശിച്ച് അദ്ദേഹത്തിന്റെ വകയായി ഒരു ലക്ഷം രൂപയും ആ കുട്ടിക്ക് കൊടുത്തിട്ടുണ്ട്. അവിടെ കാലിയുമില്ല കാലിത്തൊഴുത്തുമില്ല. പത്രക്കാർ പൊടിപ്പും തൊങ്ങലും വച്ച് എഴുതിയിരിക്കുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ എങ്ങനെയാണ് വികൃതമായി ചിത്രീകരിക്കുന്നത് എന്നുള്ളതാണ്. ആ ഉദാഹരണം ഒരിക്കലും നമ്മുടെ നാട്ടിലൊന്നും പാലിക്കാൻ പറ്റുന്നതല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ് :</u> അങ്ങ് അവിടത്തെ എം.എൽ.എ. ആയായതുകൊണ്ട് എം.എൽ.എ. പറഞ്ഞതാണ് സത്യമെന്ന് ഞാൻ വിശ്വസിക്കാം. പക്ഷേ ഞാൻ അവിടെ പോകുന്ന സമയത്ത് സ്ഥിതി അതായിരുന്നില്ല. എനിക്ക് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ബോദ്ധ്യപ്പെട്ടതാണ്. അവിടെ വലിയ നല്ല പശുക്കളും മനോഹരമായ ഒരു സംവിധാനവുമാണ് ഉണ്ടായിരുന്നത്. അതിനുശേഷം അടുത്ത എം.എൽ.എ.-യുടെ പാർട്ടിക്കാരായ രണ്ടുമൂന്ന് വീട്ടുകാർ അവർക്ക് നാറ്റമുണ്ടാകുന്നു എന്ന് പറഞ്ഞിട്ട് ആ ഫാമിന് കറണ്ട് കൊടുത്തിട്ടില്ല. പഞ്ചായത്തിനെക്കൊണ്ട് നമ്പർ ഇടുവിച്ചിട്ടില്ല. അവസാനം പ്രതിപക്ഷനേതാവ് അവിടെ ചെന്ന് നിയമസഭയിൽ ഉന്നയിക്കുമെന്ന് പറഞ്ഞപ്പോഴാണ് പഞ്ചായത്ത് നമ്പർ കൊടുത്ത് കറണ്ട് ഇട്ടത്. ആ വൈരാഗ്യം ഇപ്പോഴും നിലനിലക്കുന്നു എന്നാണ് എനിക്ക് മനസ്സിലായത്. ലേറ്റസ്റ്റായിട്ടുള്ള കാര്യം ഞാൻ അന്വേഷിച്ചിട്ട് പറയാം.

ശ്രീമതി കെ. കെ. ലതിക : വ്യക്തമായി അന്വേഷിക്കാതെ പറയാൻ പാടില്ല. ഇപ്പോൾ പ്രത്യേകമായി ഒരു കാർഷിക ക്ലബ്ബ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവിടെ പ്രോജക്ട് ഉണ്ടാക്കി കൊടുക്കുകയാണ് ചെയ്യുന്നത്. അതിന്റെ പേരിൽ രണ്ടു മൂന്ന് ലക്ഷം രൂപ ഈ കുട്ടി തട്ടിപ്പാക്കിയിട്ടുണ്ട്. ആ പ്രദേശത്ത് അധികവും എന്റെ പാർട്ടിക്കാരാണുള്ളത്. പക്ഷേ, ആ പ്രദേശത്തുള്ള എല്ലാ പാർട്ടിക്കാരുടേയും എതിർപ്പുണ്ടായിരുന്നു. കൊതുക് കുത്തുന്നതിന് പാർട്ടി നോക്കുകയില്ലല്ലോ? അവിടെ വളരെ മോശമായിട്ടുള്ള അന്തരീക്ഷമായിരുന്നു. ഞാൻ എന്നും പോകുന്ന ഒരു പ്രദേശംകൂടിയാണ്. കൃത്യമായിട്ട് അന്വേഷിച്ചിട്ട് പറയണം, തെറ്റിദ്ധരിക്കുന്ന വിധത്തിൽ പറയരുത്.

ശ്രീ. വി. എസ്. സുനിൽകുമാർ : ഞാൻ ആ വിഷയത്തിലേക്ക് പോകുന്നില്ല. സ്റ്റാറ്റസിന്റെ കാര്യം പറയാൻ കാരണം മണ്ണിലിറങ്ങി പണിയെടുക്കുന്ന ആളുകൾക്ക് സമൂഹം പ്രത്യേക പരിഗണന കൊടുക്കുന്നില്ലെന്നുള്ള അർത്ഥത്തിൽ മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. പണ്ടുമുതലേ ഈ പരിഗണന കൊടുത്തിട്ടില്ല. സർവ്വകലാശാല ഫാമിൽ റിക്രൂട്ട്മെന്റ് നടത്തിയതുകൊണ്ടായിരിക്കാം അത്രയും ആളുകൾ വന്നിട്ടുള്ളത്. ഞാൻ അത് നിഷേധിക്കാൻവേണ്ടി പറഞ്ഞതല്ല. പണ്ടുകാലംമുതൽ തുടർന്നുവരുന്ന ഒരു മനസ്സ് ഇപ്പോഴും നമ്മൾ ഗോപ്യമായി മനസ്സിൽ സൂക്ഷിക്കുകയാണ്. അതുകൊണ്ടാണ് ഈ മേഖലയിലേക്ക് ആളുകൾ കടന്നുവരാത്തത്. പരമ്പരാഗതമായിട്ടുള്ള രീതി ഈ നാട്ടിൽ തകർന്നു പോയിരിക്കുയാണ്. ഇനി പുതിയ രീതിയിലേക്ക് വരേണ്ടതുണ്ട്. മൃഗസംരക്ഷണ പരിപാലന രംഗത്ത് തൊഴിലെടുക്കുന്നവർക്ക് കൂടുതൽ പരിഗണനയും സംരക്ഷണവും നൽകുന്നതിനും പുതിയ തലമുറയെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനും ശക്തമായ നിയമനിർമ്മാണം കൊണ്ടുവരേണ്ടത് ആവശ്യമാണ്. ഗവൺമെന്റ് ഇക്കാര്യം പരിഗണിക്കുന്ന ഘട്ടത്തിൽ ഈ ബില്ലിലെ ആശയങ്ങൾ ഗൗരവമായി എടുക്കണമെന്നാണ് എനിക്ക് ആഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഈ ബിൽ എന്ന ആശയം ഒഴിച്ച് മൃഗപരിപാലന മേഖലയുമായി ബന്ധപ്പെട്ട് സഭയിൽ പറഞ്ഞ ഒട്ടനവധി കാര്യങ്ങൾ ഗവൺമെന്റ് വൻതോതിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് അനിവാര്യമായതും ആകർഷകമായതുമായ കൂട്ടായ്മകൾ സൃഷ്ടിക്കപ്പെട്ടാൽ അത്തരം കൂട്ടായ്മകൾക്കുള്ള എല്ലാവിധ സഹായവും നൽകുന്നതാണ്. കേരളത്തിൽ ഒരു നഗരവൽകൃത മനോഭാവമുള്ള മനുഷ്യർക്കിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

പാലുൽപ്പാദം വർദ്ധിക്കുകയെന്നുപറയുന്നത്. തീർച്ചയായിട്ടും ഒരു വെല്ലുവിളിയെ മറികടക്കുന്ന രീതിയാണ്. ഇപ്പോൾ കേരളത്തിൽ ഇരുപത്തിയാറായിരത്തിലധികം ക്ഷീരകർഷകർക്ക് 300 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനുപുറമേ പല തരത്തിലുള്ള സബ്സിഡികളും നൽകുന്നുണ്ട്. ഒരു വീട്ടിൽ ഒരു പശുവിനെ കൊടുത്താൽ അതിനെ വളർത്താൻ കെൽപ്പുള്ള കുടുംബങ്ങൾ അധികമില്ലാത്തതുകൊണ്ടും അണുകുടുംബ സംവിധാനമായതുകൊണ്ടും കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. നെൽകൃഷി ചെയ്തവർക്ക് സ്വാഭാവികമായി വരുമ്പോൾ ലഭിക്കുന്നതുകൊണ്ട് അവർക്ക് 50 ശതമാനം സബ്സിഡിനിരക്കിൽ പശുക്കളെ വിതരണം ചെയ്യുന്നുണ്ട്. നെൽക്കർഷകർക്ക് ഒരു കുടുംബത്തിനും അല്ലാതെ കൂട്ടായും പശുക്കളെ കൊടുക്കുന്നുണ്ട്. ബില്ലിലെ ആശയങ്ങളും ആവശ്യങ്ങളും അംഗീകരിക്കുന്നുണ്ടെങ്കിലും പ്രത്യേകമായ നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്ന് കരുതുന്നില്ല എന്നുള്ള ഗവൺമെന്റിന്റെ തീരുമാനം അറിയിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ.....

ശ്രീ. വി. എസ്. സുനിൽ കുമാർ : ഞാൻ പ്രമേയം പ്രസ് ചെയ്യുന്നില്ല

മി. സ്പീക്കർ : സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചിരിക്കുന്നു.

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2008-ലെ കേരള പാചകത്തൊഴിലാളി ക്ഷേമനിധി ബിൽ

(ബില്ലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. ബി. ബാബു പ്രസാദ് ഹാജരില്ലാതിരുന്നതിനാൽ പ്രമേയം തുടർചർച്ചക്ക് പരിഗണിച്ചില്ല)

(ii) 2007-ലെ കേരള ബാല ബാലിക പീഡന നിരോധന ബിൽ
(ശ്രീമതി കെ. കെ. ലതിക നോട്ടീസ് നൽകിയത്)

ശ്രീമതി കെ. കെ. ലതിക : സർ, 2007-ലെ കേരള ബാല ബാലിക പീഡന നിരോധന ബില്ലാണ് ഞാൻ അവതരിപ്പിച്ചിരുന്നത്. നമ്മുടെ സമൂഹത്തിൽ എപ്പോഴും ചർച്ച ചെയ്യപ്പെടുന്ന വളരെ ഗൗരവമുള്ള വിഷയം ഉൾക്കൊള്ളുന്ന ബില്ലാണിത്. ആൺകുഞ്ഞായാലും പെൺകുഞ്ഞായാലും ലൈംഗികമായി പീഡിപ്പിക്കപ്പെടുമ്പോൾ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നിയമം നമ്മുടെ സംസ്ഥാനത്ത് ഇല്ല. പത്രമാധ്യമങ്ങളിൽ ഈ കുട്ടികളെ പീഡിപ്പിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട വാർത്തകൾ വരുന്ന അവസരത്തിൽമാത്രം സമൂഹവും അതുപോലെ എല്ലാ വിഭാഗവും ഇടപ്പെടുന്നുണ്ടെങ്കിലും വ്യക്തമായ നിയമത്തിന്റെ അപര്യാപ്തതമൂലം കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല. ഗോവ പോലുള്ള സംസ്ഥാനങ്ങളിൽ മാത്രമാണ് കുട്ടികൾക്ക് നേരെയുള്ള ആക്രമണത്തിനെതിരെ കൃത്യമായ ഒരു നിയമമുള്ളത്. സംസ്ഥാനതലത്തിൽ ഇതിനാവശ്യമായിട്ടുള്ള ഒരു നിയമനിർമ്മാണം ഉണ്ടായാൽ മാത്രമേ ഈ പ്രശ്നം ഗൗരവമായി പരിഹരിക്കാൻ കഴിയുവെന്നാണ് ഓരോ ദിവസത്തെ സംഭവങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly